**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 390** | **10.06.2014-ൽ മറുപടിയ്ക്ക്**

# കാവാലം സബ് സ്റ്റേഷൻ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| കാവാലം സബ്സ്റ്റേഷൻ നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | കാവാലം സബ്സ്റ്റേഷൻ നിർമ്മാണത്തിനായി കണ്ടെത്തിയ 0.874 ഹെക്ടർ സ്ഥലം നെഗോഷിയേറ്റഡ് പർച്ചേയ്സ് പ്രകാരം വാങ്ങാനായി 17.06.2008 ൽ സർക്കാർ ഉത്തരവായിരുന്നു. എന്നാൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമമനുസരിച്ച് ടി സ്ഥലം നികത്താൻ പാടില്ല എന്ന് ആലപ്പുഴ ജില്ലാ കളക്ടർ 27.01.2011 ൽ അറിയിച്ചതിനെ തുടർന്ന് 66 KV ലൈനിനു സമീപം അനുയോജ്യമായ സ്ഥലം കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തുകയുണ്ടായി. തുടർന്ന് 110 KV പള്ളം-പുന്നപ്ര ലൈനിൽ നിന്നും ടാപ്പ് ചെയ്ത് ഒരു 110 KV സബ്സ്റ്റേഷൻ കാവാലത്ത് നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സാധ്യതാപഠനവും നടത്തിയെങ്കിലും 11 KV വിതരണ ലൈനുകൾ വളരെ ദൂരത്തിൽ വലിക്കേണ്ടി വരുന്നതുകൊണ്ട് ഈ ശ്രമം ഉപേക്ഷിച്ചു. പിന്നീട്, നീലംപേരൂരിൽ അനുയോജ്യമായ സ്ഥലം കണ്ടുപിടിക്കുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. |



സെക്ഷൻ ഓഫീസർ.